LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 8 സ്റ്റേഡിയങ്ങളുടെ ഒന്നാംഘട്ട പ്രവൃത്തികളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. ഇവയിൽ 20 പദ്ധതികളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/ മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണത്തിനുള്ള നടപടികൾ കായിക വകുപ്പ് ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സ്വകാര്യ മേഖലയിലുള്ള കളിസ്ഥലങ്ങളുടെ വിവര ശേഖരണവും പരിഗണനയിലാണ്. പ്രസ്തുത വിവര ശേഖരണം പൂർത്തിയാകുന്ന മുറയ്ക്ക് എല്ലാ പഞ്ചായത്തിലും ഒരു സ്റ്റേഡിയമെങ്കിലും സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 10 ഇന പരിപാടിയിൽ ഉൾപ്പെടുത്തി പ്രാദേശികതലത്തിൽ ആളുകൾക്ക് പ്രഭാത സായാഹ്ന സവാരി നടത്തുവാനും കുട്ടികൾക്ക് കളിക്കുവാനും പൊതുയിടങ്ങൾ ഒരുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ 50 ഗ്രാമപഞ്ചായത്തുകളിൽ പൊതുയിടം പൊതുജനങ്ങൾക്ക് തുറന്ന് നൽകിയിട്ടുണ്ട്.

കോങ്ങാട് മണ്ഡലത്തിൽ മിനി സ്റ്റേഡിയങ്ങൾ

257(2977) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളരുന്ന തലമുറകളുടെ കായികശേഷി വർദ്ധിപ്പിക്കുന്നതിനും കായിക മത്സരങ്ങൾ പരിപോഷിപ്പിക്കുന്നതിനും പഞ്ചായത്തുകളിൽ കളിസ്ഥലങ്ങളും മിനി സ്റ്റേഡിയങ്ങളും നിർമ്മിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ?

സംസ്ഥാനത്തെ എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം എന്ന പദ്ധതിയുടെ പ്രാരംഭഘട്ടം കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന 14 ജില്ലാ സ്റ്റേഡിയങ്ങളുടെയും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെയും നിർമ്മാണം പുരോഗമിച്ചുവരികയാണ്. ഇതിൽ 4 സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 8 സ്റ്റേഡിയങ്ങളുടെ ഒന്നാഘട്ട നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 20 സ്റ്റേഡിയങ്ങളുടെ വിവിധ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത വിവര ശേഖരണം പൂർത്തിയാകുന്നമുറയ്ക്ക് എല്ലാ പഞ്ചായത്തിലും ഒരു സ്റ്റേഡിയം/ കളിസ്ഥലം സാധ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കോങ്ങാട് മണ്ഡലത്തിലെ കാരാകുറുശ്ശി, തച്ചമ്പാറ, കാഞ്ഞിരപ്പുഴ എന്നീ പഞ്ചായത്തുകളിൽ ലഭ്യമായ സ്ഥലങ്ങളിൽ മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.